**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1543 — 22/03/2013-ൽ മറുപടിയ്ക്ക്

## ഹൈടെക് ഫാമിംഗ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | **കെ.പി.മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) കൃഷി വകുപ്പ് ഹൈടെക് ഫാമിംഗ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ; | എ) ഉണ്ട്. |
| ബി) ഈ പദ്ധതിയിൽ ഗ്രീൻഹൗസ് നിർമ്മിക്കുന്നതിന് ഉദുമ നിയോജക മണ്ഡലത്തിൽ ഏതൊക്കെ പ്രദേശങ്ങളാണ് നിർദ്ദേശിച്ചിട്ടുള്ളത് ; | ബി) പദ്ധതി പ്രകാരം ഓരോ ഗ്രാമപഞ്ചായത്തിലും 3 വീതം ഹൈടെക് ഫാമിംഗ് യൂണിറ്റ് നിർമ്മിക്കാനുള്ള പദ്ധതിയാണ് ഉണ്ടായിരുന്നത്. ഉദുമ നിയോജകമണ്ഡലത്തിൽ എം.എൽ.എ. നിർദ്ദേശിച്ച സ്ഥലങ്ങളിൽ നിന്നും അപേക്ഷ ക്ഷണിക്കുവാൻ കൃഷി ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ യാതൊരു കർഷകരും നാളിതുവരെ അപേക്ഷ നിൽകിയിട്ടില്ല. |
| സി) ഉദുമ എം.എൽ.എ. നിർദ്ദേശിച്ച സ്ഥലത്തുതന്നെയാണോ ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ ? | സി) ഉദുമ എം.എൽ.എ. നിർദ്ദേശിച്ച സ്ഥലങ്ങളിൽ നിന്നും അപേക്ഷകളൊന്നും ലഭിക്കാത്തതിനാൽ അവിടെ പദ്ധതി നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടില്ല. |

**സെക്ഷൻ ഓഫീസർ**